Appendix XLI.

***Vide* Answer to Question No. 333.**

List of tolls in Travancore.

1. Aramboly
2. Kuzhithurai
3. Krishnapuram
4. Adur
5. 14th mile K. K. road
6. 28th Do.
7. Kuttikanam
8. 60th mile K. K. road
9. Ettumanoor
10. Muvattupuzha
11. Perumbavoor

THE TRAVANCORE NAMPUTIRI BILL.

PRESIDENT: The House will now continue the consideration of the Namputiri Bill.

Mr. Kesavan Namputiripad, have you and Mr. Jathavedan Namputiripad, and Mr. Tuppan Namputiripad, come to any kind of compromise upon that new clause which Mr. Jathavedan Namputiripad wanted to add?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): സർ, ഇന്നലെ മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാട് അവതരിപ്പിച്ച പുതിയ ക്ലാസിനെപ്പറ്റി വലിയ വാദപ്രതിവാദം ഇവിടെ നടത്തുകയുണ്ടായി. അതിനെപ്പറ്റി അനുകൂലമായും പ്രതികൂലമായും പല സാമാജികന്മാരും അഭിപ്രായം രേഖപ്പെടുത്തീട്ടുണ്ട്. ഇങ്ങനേയൊരു പുതിയ ക്ലാസു ചേർക്കയാണെങ്കിൽ അവിവാഹിതകളായിരിക്കുന്ന കന്യകമാരുടെ വിവാഹത്തിന് അതൊരു അനുകൂലമായിത്തീരും എന്ന നിലയിൽ അതിനെ അനുകൂലിച്ചവരും, കുടുംബത്തിലെ ഏതൊരംഗത്തിനും ഒരു സ്ത്രീയെ വിവാഹംചെയ്തുകൊടുക്കാനുള്ള സ്വാതന്ത്ര്യത്തെ പ്രദാനംചെയ്യുന്ന ഈ വകുപ്പു സ്വീകരിക്കയാണെങ്കിൽ അതു് ഇന്നത്തെ മതവിശ്വാസത്തിനും ആചാരത്തിനും പ്രതികൂലമാകും എന്നുള്ളതുകൊണ്ട് അതിനു തയ്യാറില്ലാത്ത ഒരു സമുദായത്തിലെ ഭൂരിപക്ഷത്തിന് ഇങ്ങനെയൊരു വകുപ്പ് ആവശ്യമില്ലാഎന്നനിലയിൽ പ്രതികൂലിച്ചവരും അഭിപ്രായപ്രകടനം നടത്തുകയുണ്ടായി. ഈ രണ്ടുകൂട്ടരുടേയും അഭിപ്രായത്തിൽ വളരെ പരമാർത്ഥമുണ്ട്. ഈ ക്ലാസിന്റെ ഉദ്ദേശംസഫലീകരിക്കുന്നതിനും എന്നാൽ ആചാരത്തിനും മത

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസത്തിനും പ്രതിബന്ധമാകാത്ത തരത്തിലും ഒരു പുതിയ ക്ലാസു ഞാൻ ഇവിടെ ഹാജരാക്കാം.

This is the amendment:

"Where a Karanavan neglects to give a girl of the Illom in marriage after having completed the 18th year of age, her father or in his absence, any other member of the Illom who has the right to perform Udagapoorvam shall have the right to get her married and he shall be entitled to realise from the Illom the amount spent for the purpose".

കന്യകമാരുടെ സമ്മതത്തെ സംബന്ധിച്ചേടത്തോളം വളരെ അത്ഥമുണ്ടെന്നു തോന്നുന്നില്ല. ഞങ്ങളുടെ സമുദായത്തിലെ സ്ത്രീകളുടെ സമ്മതംവാങ്ങിക്കുക എന്നുള്ളതു് അത്ര സാദ്ധ്യവുമല്ല. അതുകൊണ്ടാണു സമ്മതത്തെ സംബന്ധിച്ചുള്ള വകുപ്പ് ഇതിൽചേക്കാത്തത്.

MR. A. THANU PILLAI (*Trivandrum*): ഇന്നലെ ഇതിനെസംബന്ധിച്ചു വാദപ്രതിവാദം നടന്നപ്പോഴും സ്ത്രീയുടെ സമ്മതം വാങ്ങിക്കുന്നതിൽ ഒരു വൈഷമ്യവും കാണാത്ത മെംബക്ക് ഇന്നു് ഈ അഭിപ്രായം എങ്ങിനെയുണ്ടായി?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഞങ്ങൾ എല്ലാപേരും കൂടി ആലോചിച്ചതിനുമേൽ ഇങ്ങിനെ ഒരുഭാഗം വേണ്ട എന്നു വച്ചതാണു്.

MR. MURUVELIL PACHU PILLAI (*Shertallai*): സ്ത്രീയുടെ സമ്മതം ആവശ്യമില്ലെങ്കിൽ ഫറ്റു വയസ്സു പൂർത്തിയാകണം എന്നു വച്ചിരിക്കുന്നതെന്തിനാണു്?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): കഴിയുന്നിടത്തോളം വിവാഹം പ്രായമായശേഷം നടത്തുന്നതു കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അങ്ങിനെ ചേർത്തിരിക്കുന്നതു്.

MR. MURUVELIL PACHU PILLAI (*Shertallai*): ഫറ്റു വയസ്സുകഴിഞ്ഞാൽ വിവാഹത്തിനു പ്രായമാകയില്ലാ എന്നാണൊ പറയുന്നതു?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഫറ്റു വയസ്സുവരെ വിവാഹം കഴിച്ചുകൊടുക്കാനുള്ള സ്വാതന്ത്ര്യം കാരണവനുണ്ടു്.

MR. MURUVELIL PACHU PILLAI (*Shertallai*): ഫറ്റു വയസ്സു കഴിഞ്ഞാൽ മാത്രമെ വിവാഹം ചെയ്തുകൊടുക്കാൻ മറ്റുള്ളവർക്കു അധികാരമൊള്ളു എന്നാണൊ ഈ ഭേദഗതികൊണ്ടു സാധിക്കേണ്ടതു്?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അതെ.

MR. P. S. MAHOMED (*Nominated*): ഫറ്റു വയസ്സായ കന്യക വിവാഹസമയത്തുതന്നെ വിവാഹം ചെയ്തുകൊടുക്കാൻ പോകയാണെന്നുള്ള സംഗതി അറിയാതെയിരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അറിയാം.

MR. P. S. MAHOMED (*Nominated*): ആ സ്ഥിതിക്ക് അവരുടെ സമ്മതമുണ്ടോ ഇല്ലയോ എന്നുകൂടി അറിയേണ്ടതല്ലേ? സമ്മതമില്ലാത്തപക്ഷം അവരുടെ ഹിതത്തിനു വിപരീതമായ ഒരുവിവാഹം നടത്തുന്നതു ശരിയാണോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഞങ്ങളുടെ സമുദായത്തിന്റെ സ്ഥിതിക്ക് അതറിയാൻ വളരെ വിഷമമുണ്ട്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇല്ലത്തിലെ അംഗങ്ങൾക്ക് അവരുടെ അഭിപ്രായം ചോദിച്ചറിയാൻ വിഷമമുണ്ടോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അതു പ്രയാസമില്ല. അതുകൊണ്ടു സമ്മതം വാങ്ങിക്കണമെന്നു നിർബന്ധമില്ല. സാധാരണ സ്ത്രീയുടെ സമ്മതത്തോടുകൂടിത്തന്നേയാണ് വിവാഹം കഴിക്കുന്നതു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): സ്ത്രീതന്നെ ഒരു ഭർത്താവിനെ തിരഞ്ഞെടുക്കരുതോ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അങ്ങിനെ ഒരു സമുദായത്തിലുമില്ല.

MR. REVATI NAL RAMA VARMA RAJA (*Edavagai*): വയസ്സായ ആളുകളെക്കൊണ്ടു പെൺകുട്ടികളെ കെട്ടിച്ചുകളയുമെന്നുള്ള ഭയംകൊണ്ടാണു മി. ഉപ്പൻ നമ്പൂതിരി ഇതു സമ്മതിക്കാൻ പാടില്ലാ എന്നു പറഞ്ഞതു്. അതുകൊണ്ടാണു സ്ത്രീയുടെ സമ്മതംകൂടി വാങ്ങിക്കണമെന്നു വച്ചിരിക്കുന്നതു്. അതിനാൽ ഈ ഭാഗം ഇരുന്നതുകൊണ്ടു് എന്തു തരക്കേടാണുള്ളതു?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): അങ്ങിനെ ചേർക്കുന്നതുകൊണ്ടു വിരോധമുണ്ടായിട്ടല്ല ചേർക്കാതെയിരുന്നതു. നേരെമറിച്ചു് അതിന്റെ ആവശ്യകതയില്ലാത്തതുകൊണ്ടും അതു നടപ്പിൽവരുത്താനുള്ള വിഷമതകൊണ്ടുമാണു്.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഇന്നലെ കൊണ്ടുവന്ന അമൻറുമെൻറു് ഇന്നു് ഓട്ടിനുമാത്രമെ വരികയുള്ളൂ എന്നു പ്രസിഡൻറവർകൾ പറഞ്ഞതായിട്ടാണു് ധരിച്ചിരുന്നതു്. ഇങ്ങനെ പുത്തനായ ഒരു അമൻറുമെൻറുകൂടി വരുമെന്നു വിചാരിച്ചിരുന്നില്ല.

PRESIDENT: What you say is not quite correct. That was not what was said yesterday. When I closed the discussion last evening, what I said was, that, so far as this Clause is concerned, if it has to be put to vote it will be put to vote, excepting that a compromise was suggested and that we should wait and see whether the Namputiri

LIBRARY ARCHIVES Kerala Legislative Assembly

[President.]

members on both sides, would be able to arrive at an agreed formula for this particular Clause. So far as that is concerned that was pending. It was not merely voting.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇന്നു മി. കേശവൻനമ്പൂതിരിപ്പാട കൊണ്ടുവന്നിട്ടുള്ള ഭേഗതിയോട ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതിനെപ്പറ്റി വീണ്ടും ഞങ്ങൾ ആലോചിച്ചതിന്റെശേഷമാണ് ഈ ഭേഗതി ഇവിടെ ഹാജരാക്കീട്ടുള്ളത്. പെൺകിടാങ്ങളെ ഇന്നു വയസ്സിനുമുമ്പ്, അല്ലെങ്കിൽ ഒരു ക്ലിപ്തകാലത്തിനകം വിവാഹം ചെയ്തകൊടുക്കണമെന്നുള്ള വിചാരം ഞങ്ങളുടെ സമുദായത്തിൽതന്നെയുണ്ട്. എന്നാൽ ഇവടെ ആലോചിക്കാനുള്ളത് അതിനു വിഘാതം വരാതിരിക്കുന്നതിനും, സമുദായത്തിൽ ഇന്നു നടപ്പിലിരിക്കുന്ന സമുദായാചാരങ്ങൾക്കു ഹാനി തട്ടാതിരിക്കുന്നതിനും ഉള്ള മാർഗ്ഗങ്ങളെപ്പറ്റിയാണ്. അതിലേക്ക് എന്താണ മാർഗ്ഗം എന്നാലോചിച്ചാണ് ഈ ഭേഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഈ ഭേഗതിയെ എല്ലാപേരും അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): അന്തർജനങ്ങളുടെ അനുവാദം വാങ്ങിക്ക എന്നുള്ളതു പ്രയാസമാണൊ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): സമ്മതം വാങ്ങിക്കണമെന്നു ബില്ലിൽ പറഞ്ഞാൽതന്നെയും അതുകൊണ്ടു പ്രയോജനമില്ല. രേഖാമൂലമായ അനുവാദം വാങ്ങിക്ക എന്നുള്ളതു് അസാധ്യമാണെല്ലൊ പിന്നെ വാക്കാൽ വേണം സ്ത്രീകളുടെ സമ്മതംവാങ്ങിക്കാൻ. സ്ത്രീകൾക്കു സാധാരണ ഭർത്താവിനെ തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഞങ്ങളുടെ സമുദായത്തിൽ ഇന്നു നടപ്പിലിരിക്കുന്ന ആചാരം നിലനിൽക്കുന്നിടത്തോളം കാലം അതിനു നിവൃത്തിയില്ല. സാമുദായികാചാരങ്ങളെ മാറ്റാനുള്ള അധികാരം ഞങ്ങൾക്കില്ല. അതിലേക്കു മതക്കാര്യത്തിനും വേറെയുണ്ട്. അവർ അനുകൂലിക്കുന്നപക്ഷം ഞങ്ങൾക്കു യാതൊരു വിരോധവുമില്ല. ഞങ്ങളുടെ വിവാഹത്തിനുതന്നെ അവരും മറുകരക്കാരും വന്നില്ലെങ്കിൽ വിവാഹം നടക്കുകയില്ല. ക്രടാതെ എന്റെ സമ്മതമില്ലാതേയാണു വിവാഹം നടത്തിയതു്, അതുകൊണ്ട് ഈ ഭർത്താവു ആവശ്യമില്ലെന്നു ഇതുവരെ ഒരു നമ്പൂതിരിസ്ത്രീയും കേസുകൊടുത്തതായിട്ടുമില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): സ്ത്രീക്കു തീരെ സമ്മതമില്ലെങ്കിൽ വിവാഹക്രിയനടത്താൻ ആ സ്ത്രീ വരുമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): സ്ത്രീക്ക് ഇഷ്ട മില്ലെങ്കിൽ ആ വിവാഹം നടക്കയില്ല. സ്ത്രീ വിവാഹത്തിന തയ്യാറായിവരുന്നതുതന്നെ സമ്മതത്തെ കാണിക്കുന്നുണ്ട്.

MR. A. THANU PILLAI (*Trivandrum*): വിവാഹത്തിന ചിലവാകുന്നതുക ഈടാക്കുന്നതു വിവാഹത്തിനുമുമ്പോ അതിനുശേഷമോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): തിനുമുമ്പുംആകാം പിൻപും ആകാം.

MR. A. THANU PILLAI (*Trivandrum*): അതു എങ്ങിനെ വ്യക്തപ്പെടുത്താം?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): മുമ്പിൽതന്നെ വേണമെന്നുണ്ടായിരുന്നാൽ അങ്ങിനേയും ആകാം. അതു വ്യക്തപ്പെടുത്തേണ്ടതാണ്.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): നംപൂതിരികന്യകമാരുടെ വിവാഹത്തിന് അവരുടെ സമ്മതംവാങ്ങിക്കയെന്നുള്ളതു് അസാദ്ധ്യമാണ്. നംപൂതിരികന്യകയ്ക്കു വിവാഹത്തിന മുമ്പു വരനെ കാണുകതന്നെവയ്യാ. വരനായി നിശ്ചയിച്ചിരിക്കുന്ന പുരുഷന്റെ ആകൃതിയോ സൌഭാഗ്യമോ യാതൊന്നും അറിയാൻ നിവൃത്തിയില്ലാത്ത സന്ദർഭത്തിൽ സ്ത്രീയുടെ സമ്മതംവാങ്ങിക്കയെന്നുള്ളതു വളരെ പ്രയാസവും അർത്ഥമില്ലാത്തതുമാണ്.

MR. A. THANU PILLAI (*Trivandrum*): ആ സ്ഥിതിയ്ക്കു വിവാഹം ചെയ്യണമെന്ന ആഗ്രഹമില്ലാത്ത സ്ത്രീകളെപോലും നിർബന്ധിച്ചു വിവാഹംചെയ്യിപ്പുകളയുമല്ലോ.

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): അച്ഛൻ, സഹോദരൻ ഇങ്ങിനെ ഉദകപൂർവ്വംചെയ്യാൻ അധികാരമുള്ളവർ ആലോചിച്ചു നിശ്ചയിക്കുന്ന പുരുഷൻ നല്ലതല്ലാതെ കണ്ടുവരികയില്ല എന്നുള്ള വിശ്വാസത്തോടുകൂടി കന്യക സമ്മതിക്കുന്നതാണ് ഇപ്പോഴും ഉള്ള നടപ്പു.

MR. A. THANU PILLAI (*Trivandrum*): വിവാഹം വേണ്ടാ എന്ന ഒരു സ്ത്രീ നിശ്ചയിച്ചു. കാരണവൻ അതു സമ്മതിക്കയും ചെയ്തു. ആ സന്ദർഭത്തിൽ ഇല്ലത്തിലുള്ള മറ്റംഗങ്ങൾക്ക് ആ സ്ത്രീയെ നിർബന്ധിച്ചു വിവാഹം ചെയ്യിക്കരുതോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): അങ്ങിനെ വിവാഹംചെയ്യണ്ടാ എന്നുള്ള വിചാരം നംപൂതിരിസമുദായത്തിലെ സ്ത്രീകൾക്കുള്ളതായി ഇതുവരെ കേട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): വിവാഹകമ്മത്തിനു കന്യകസംബന്ധിക്ക എന്നൊരു ഏർപ്പാടുണ്ടോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): കമ്മംചെയ്യാൻ കന്യകവേണമല്ലൊ.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): കന്യക വിവാഹകമ്മത്തിനു സംബന്ധിക്കയാണെങ്കിൽ ആ വിവാഹം ആ കന്യക സമ്മതിച്ചു എന്നല്ലേ വിചാരിക്കേണ്ടതു്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): അങ്ങിനെവേണം വിചാരിക്കാൻ.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അപ്പോൾ കന്യകയുടെ സമ്മതമില്ലെങ്കിൽ ആ വിവാഹത്തിൽ സംബന്ധിക്കാതെയിരുന്നാൽ പോരെ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): സ്ത്രീയുടെ സമ്മതമില്ലെങ്കിൽ ആ വിവാഹം ഒരിക്കലും നടത്താൻ സാധിക്കയില്ല. അതുകൊണ്ടു സ്ത്രീ വിവാഹകമ്മത്തിൽ സംബന്ധിച്ചു കഴിഞ്ഞാൽ സമ്മതമുണ്ടെന്നുവേണം വിചാരിക്കാൻ.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): സ്ത്രീയുടെ സമ്മതംകൂടി ചോദിക്കണമെന്ന ബില്ലിൽ ഇരിക്കുന്നതുകൊണ്ടു് എന്തു ദോഷമാണുള്ളതു്?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ആ പദംകൊണ്ടു പ്രയോജനമില്ല. അതുകൊണ്ടു് പ്രയോജനമില്ലാത്ത ഒരു പദം ചേർക്കേണ്ട ആവശ്യമില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): കന്യക വിവാഹംചെയ്യുന്നദിവസമോ അല്ലെങ്കിൽ വിവാഹത്തിനു കുറേ മുമ്പോയൊ വ്യക്തം അന്വേഷിക്ക എന്നു് ഒന്നില്ലേ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഉണ്ടു്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): അതു കന്യകയുടെ സമ്മതത്തെ തെളിയിക്കുന്ന ഒന്നല്ലേ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): അതേ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): മി: തുപ്പൻനംപൂതിരിപ്പാടു പറഞ്ഞതുപോലെ ഫ. ഠ. വയസ്സായ കുട്ടിയും വിവാഹസമയത്തു് അന്വേഷിക്കണോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): വേണം.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI (*Trivandrum*): വിവാഹത്തിന് എല്ലാം വട്ടം കൂട്ടി കന്യകയേ വിളിച്ചാൽ ആ കന്യകയ്ക്ക് അതിൽ പങ്കുകൊള്ളാതിരിക്കാൻ സാധിക്കുമോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): സമ്മതമില്ലെങ്കിൽ വരാതെയിരിക്കാം.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): ഏഴു വയസ്സായ സ്ത്രീയെ നൂറു വയസ്സിൽ കവിയാത്ത ഒരു പുരുഷനെകൊണ്ടേ വിവാഹം കഴിപ്പിക്കാവൂ എന്ന ഒരു നിർബന്ധം വയ്ക്കുന്നതിൽ വിരോധമുണ്ടോ?

MR. V. N. JATHAVEDAN NAMPUTIRIPAD (*Co-opted*): ഇത്ര വയസ്സായ ഒരു പുരുഷനെക്കൊണ്ടേ വിവാഹം കഴിപ്പിക്കാവൂ എന്നു ഖണ്ഡിക്കാൻ സാധിക്കയില്ല.

PRESIDENT: Have you got the wording of the amendment, Mr. Parameswaran Pillai?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): I only heard it read here.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): I shall read my amendment. It is as follows:—

> "Where a Karanavan neglects to give a girl of the Illom in marriage after having completed the 18th year of age, her father or in his absence, any other member of the Illom who has the right to perform Udakapoorvam shall have the right to get her married and he shall be entitled to realise from the Illom the amount spent for the purpose".

MR. V. J. OOMMEN (*Commerce and Industry, North*): With her consent എന്നകൂടി ചേർക്കുന്നതിൽ വിരോധമുണ്ടോ?

PRESIDENT: അതായിരുന്നു ഇതുവരെ തർക്കിച്ചുകൊണ്ടിരുന്നതു്.

MR. REVATI NAL RAMA VARMA RAJA (*Edavagai*): നംപൂതിരി കന്യകമാരെ വൃദ്ധന്മാരെക്കൊണ്ടു വിവാഹം ചെയ്യിച്ചുകളഞ്ഞാലോ എന്നു ഭയന്നാണു് with her consent എന്നകൂടി ചേർക്കണമെന്നു വിചാരിച്ചതു്. അവർതന്നെ അതു് വേണ്ട എന്നു പറയുന്നു. ആ സ്ഥിതിക്കു അതിനെ വിട്ടാലും തരക്കേടില്ലാ.

MR. A. THANU PILLAI (*Trivandrum*): ഇങ്ങനെ with her consent എന്നകൂടി ചേർക്കാതെയിരുന്നാൽ വലിയ അപകടം ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. വിവാഹം എന്നു പറയുന്നതു് ഒരു ആളിന്റെ ജീവിതത്തെ മുഴുവൻ ബാധിക്കുന്ന ഒരു കർമ്മമാണു്. ഇവിടെ ഈ വകുപ്പുകൊണ്ടു് അധികാരം ഇല്ലാത്ത ഒരാളെ നാം അധികാരപ്പെടുത്തുകയാണു് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): സ്ത്രീയുടെ സമ്മതം ഇല്ലാതെ വിവാഹം നടക്കയില്ലല്ലോ?

MR. A. THANU PILLAI (*Trivandrum*): ആ സ്ഥിതിയുടെ സമ്മതംകൂടി വേണം എന്നു ചേർക്കുന്നതു കൊണ്ട് എന്താണ് ദോഷമുള്ളതു്? അതു കൊണ്ട് ആ സമുദായത്തിലെ പ്രതിനിധികൾ തന്നെ ഇതിനെപ്പറ്റി ഒന്നുകൂടി ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): ഈ ഭേദഗതിയനുസരിച്ചും അധികാരമില്ലാത്തയാളിനെയല്ലാ അധികാരപ്പെടുത്തുന്നതെന്നറിയാമോ?

MR. A. THANU PILLAI (*Trivandrum*): അതു ചെയ്യിക്കാനുള്ള അധികാരം കാരണവനാണുള്ളതു് എന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): സ്ത്രീകളുടെ അനുവാദം വാങ്ങി വിവാഹം നടത്തുക എന്നൊരുപതിവു ഇപ്പോൾ നംപൂതിരി സമുദായത്തിൽ ഇല്ലാ എന്നറിയാമോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): നിയമപ്രകാരം സമ്മതം വാങ്ങിക്കണമെങ്കിൽ അതിലേക്ക് റിക്കാർഡും നാലഞ്ചുസാക്ഷികളുമൊക്കെവേണ്ടേ?

MR. A. THANU PILLAI (*Trivandrum*): സമ്മതം വാങ്ങിക്കാൻ സാക്ഷികളൊന്നും വേണ്ട.

MR. V. CHELLAM PILLAI (*Tovala*): സമ്മതം വാങ്ങിക്കണമെന്നുവച്ചാൽത്തന്നെയും സ്ത്രീയുടെ സമ്മതം വാങ്ങിക്കാതെ വിവാഹം കഴിച്ചുകൊടുക്കാൻ ശ്രമിച്ചാൽ അതിനു എന്താണു നിവൃത്തി?

MR. A. THANU PILLAI (*Trivandrum*): വിവാഹത്തിനു വേണ്ട ചടങ്ങുകർമം എല്ലാം ഒരുക്കി സ്ത്രീയെ നിർബന്ധിച്ചാൽ നിവൃത്തി ഒന്നുമില്ല.

MR. V. CHELLAM PILLAI (*Tovala*): സമ്മതം വാക്കു കൊണ്ടു മതിയോ?

MR. A. THANU PILLAI (*Trivandrum*): സമ്മതം വേണോ വേണ്ടയോ എന്നുള്ളതു തീർച്ചയാക്കീട്ടുവേണം ആ കാര്യം ആലോചിക്കാൻ.

MR. V. CHELLAM PILLAI (*Tovala*): ഒരു സ്ത്രീയുടെ വിവാഹത്തിനു സമ്മതമില്ല. മറ്റുള്ളവരെല്ലാം നിർബന്ധിച്ചു വിവാഹം നടത്തുന്നു. അതിനു എന്താണ് നിവൃത്തി?

MR. A. THANU PILLAI (*Trivandrum*): സ്ത്രീയെ നിർബന്ധിച്ചു ആ സ്ത്രീയുടെ സമ്മതമില്ലാതെ നടത്തുന്ന പക്ഷം അതു വിവാഹമാകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടു സ്ത്രീയുടെ സമ്മതത്തോടുകൂടിയെ വിവാഹം നടത്താൻ പാടൊള്ളൂ.

MR. A. G. MENON (*Parur*): May I know whether that argument of my friend Mr. Thanu Pil'ai does not do away with the existing provision of the common law under which an adult female, to whatever caste she may belong, has full rights of disposing of her own person, and of withholding her consent? Are we not, by putting in the provision that consent is required, giving her a position inferior to that of the major females of other communities?

MR. A. THANU PILLAI (*Trivandrum*): The amendment to the Clause as now proposed reads like this:

> ".....her father or in his absence any other member of the Illom who has the right to perform Udakapoorvam shall have the right to get her married and he shall be entitled to realise from the Illom the amount spent for the purpose."

I am not sure that the amendment is capable only of the interpretation put upon it by Mr. A. G. Menon.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): May I know whether there is a similar provision in the Nayar Regulation as regards consent?

MR. A. THANU PILLAI (*Trivandrum*): There is no necessity for a similar provision in the Nayar Regulation at all.

MR. MURUVELIL PACHU PILLAI (*Shertallai*): നായർ റഗ്ലേഷൻ അസരിച്ചു പെൺകുട്ടികൾക്കു മൈനർ ആയിരിക്കുന്ന കാലത്തു നടത്തുന്ന വിവാഹം മേജറായശേഷം നിഷേധിക്കാൻ അധികാരമില്ലേ?

MR. A. THANU PILLAI (*Trivandrum*): സംശയമാണ്.

MR. MURUVELIL PACHU PILLAI (*Shertallai*): സ്ത്രീകൾ മേജറായ ശേഷമാണ് വിവാഹം നടത്തുന്നതു് എന്നുള്ളതുകൊണ്ടു് പിന്നീടു് അതു് നിഷേധിക്കാൻ നിവൃത്തിയില്ലാത്തതിനാൽ സ്ത്രീയുടെ സമ്മതം വാങ്ങിക്കേണ്ടതത്യാവശ്യമല്ലേ?

MR. A. THANU PILLAI (*Trivandrum*): അതാണു് ഞാൻ ഇതുവരെ പറഞ്ഞതു്.

MR. A. G. MENON (*Parur*): It is exactly the opposite that has to be construed. If you say that her consent should be obtained, you are assigning her a position inferior to that of the women of other communities.

MR. A. THANU PILLAI (*Trivandrum*): But why should this matter be left to be interpreted by the Courts? Why not make it clear in the Regulation itself?

അതിനാൽ സ്ത്രീയുടെ സമ്മതത്തോടുകൂടി എന്നില്ലാതിരുന്നാൽ തന്നെയും സമ്മതത്തോടുകൂടി മാത്രമേ വിവാഹം നടക്കയൊള്ളൂ എന്നു നംപൂതിരിമെമ്പർമാർ തന്നെ അഭിപ്രായപ്പെടുന്ന സ്ഥിതിക്കു ആ പദം

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai.]

ക്കുടിഇതിൽ ചേക്കുന്നതിൽ അവക്കു എന്തു വൈഷമ്യമാണുള്ളതെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടു സ്ത്രീയുടെ സമ്മതംകൂടി വാങ്ങിക്കണമെന്നുകൂടി ചേർക്കണമെന്നാണു് എന്റെ അഭിപ്രായം.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): It is an agreed amendment that is placed before the Council for consideration.

MR. K. MADHAVAN PILLAI (*Trivandrum cum Neduvangad*): The member may be requested to speak in Malayalam.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): If I have your permission, Sir, I shall speak in Malayalam, so that my Namputiri friends may understand exactly what my view of the position is.

PRESIDENT: Yes, you may speak in Malayalam.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): ഈ വിഷയത്തെ സംബന്ധിച്ചു് ഇന്നലെ വളരെ വാദപ്രതിവാദം നടക്കയും അവസാനത്തിൽ രണ്ടു കക്ഷികളും യോജിച്ചു തക്കവിഷയത്തിനു പ്രത്യേകമായ ഒരുമാറ്റം ചെയ്തു കൌൺസിലിൽ ഹാജരാക്കുകയുമാണു് ചെയ്തിട്ടുള്ളതു്. തക്കത്തിനു വിഷയമായ സംഗതിയെപ്പറ്റി ഇന്നലെ ഓരോ കക്ഷികളും എന്തെല്ലാം അഭിപ്രായങ്ങൾ പറഞ്ഞിരുന്നാലും അവക്കുള്ള സമാധാനരക്ഷയെ വിചാരിച്ചും പൊതുവെ സമുദായത്തിനുവരാവുന്ന ആപത്തിനെ തടുക്കുന്നതിനും ആയി കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണു് ഈ സഭമുമ്പാകെയിരിക്കുന്നതു്. എന്നു നാം പ്രത്യേകം ഓർക്കേണ്ടതാണു്. എന്നാൽ ഒരു കക്ഷി സമ്മതിച്ചു. ആ സമ്മതം അബദ്ധമാണു; അതു നിമിത്തം സമുദായത്തിൽ വലിയ ആപത്തു വരാവുന്നതാണു് എന്നുള്ള അവസരത്തിൽ അതിലേക്കു വേണ്ട രക്ഷാമാർഗ്ഗം നിയമം കരുതേണ്ടതും അത്യാവശ്യമാണു്. അവരവരുടെ കുഴിത്തു കണ്ടിക്കുന്നതിനു അവരവക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും അതു പാടില്ലെന്നു നിർബ്ബന്ധമായി നിയമം തടുക്കുന്നുണ്ടു്. അതുപോലെ ചില അവസരങ്ങളിൽ സ്വാതന്ത്ര്യം കൊണ്ടു് അവനവൻ വരുത്തിക്കൂട്ടുന്ന ആപത്തിൽ നിന്നും രക്ഷിക്കേണ്ടതും അത്യാവശ്യമാണു് എന്നഭാഗം ഞാൻ സമ്മതിക്കാൻ തയ്യാറാണു്. അതുവലുതായ ഒരാപത്താണോ ഈ ഭേദഗതിയെ സ്വീകരിക്കുന്നതുകൊണ്ടു നംപൂതിരി സമുദായത്തിനുണ്ടാകാൻ പോകുന്നതു്? പൊതുവെ ഇന്ത്യയിലെ വിധത്തിൽ വിവാഹം നടത്തപ്പെടണമെന്നൊക്കെയുണ്ടു്. അതിന്റെ യോഗ്യതായോഗ്യതകളെ നമുക്കു ചിന്തിക്കേണ്ട ആവശ്യമില്ല. ഓരോരു

LIBRARY ARCHIVES Kerala Legislative Assembly

ത്തരുടേയും മനസ്ഥിതിപോലെ അതിൽ ഭേദഗതികഠം ചെയ്യേ ണ്ടതുണ്ട്. ഫ വ വയസ്സു കഴിഞ്ഞതിൽ പിന്നീടു നടക്കുന്ന ഒരു വിവാഹം അകന്യകയുടെ സമ്മതംക്കൂടാതെ നടത്തുകയാണെന്ന ആദ്യമായിട്ടു സങ്കല്പിക്കണമെന്നാണ് എന്റെ സ്നേഹിതന്മാർ പറയുന്നത്. നമ്പൂതിരി സമുദായത്തിലെ ഒരു കന്യക- ഫ വ വയസ്സായാലും, അല്ലെങ്കിൽ ഫ ഉ വയസ്സായാലും ബി. എ. പാസ്സായിരുന്നാലും, (അങ്ങിനെ വന്നുകൂടാ എന്നു വിചാരിക്കേണ്ടാ; പരിഷ്കാരകാലം അടുത്തിരിക്കയാണ്. അവരും ബി. എ. പാസ്സാകും,) ബി. എൽ. പാസ്സായി സന്നദ്ധം എടുത്തു പ്രാചീനമായ തടസ്ഥങ്ങളൊക്കെ അവഗണിച്ചു കോടതിയിൽവ്യവഹരിച്ചു വന്നാലും, ആ സ്ത്രീയും മാതാപിതാക്കന്മാരുടെ ഇഷ്ടമനുസരിച്ചു വിവാഹം നടത്തുകയാണ്. അങ്ങിനെയുള്ള ഒരു സ്ത്രീയുംവിവാഹത്തിൽ അന്തർഭവിച്ചിരിക്കുന്ന തടസ്ഥങ്ങളെ അറിയാതെ ചെയ്തതാണെന്ന വിചാരിക്കയും ആ സ്ത്രീയുടെയും സമ്മതം രേഖപ്പെടുത്തിവാങ്ങിക്കണമെന്നു പറയുകയും ചെയ്യുന്നതിന്റെ അർത്ഥമെന്താണ്? ചില സമുദായക്കാരുടെയിടയിൽ വിവാഹം ഒരു സിവിൽകാൺട്രാക്ട്താണ്. അതായതു് ആവശ്യം പോലെ ഇരുകക്ഷികളുടെയും സമ്മതപ്രകാരം അവസാനിപ്പിക്കാവുന്ന ഒരു സിവിൽ കാൺട്രാക്ട്താണ് വിവാഹം.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): നംപൂതിരിസമുദായത്തിലെ സ്ത്രീകഠം ബി. എയും, ബി. എല്ലും പാസ്സാകുന്നകാലത്തു വിവാഹം സിവിൽ കാൺട്രാക്ട്തായിട്ടുതീരാൻ പാടില്ലെന്നുണ്ടോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): നമുക്കു മാത്രമേ വിദ്യാഭ്യാസംകൊണ്ടു നമ്മുടെ മനസ്ഥിതി അറിയാൻ ശക്തിയൊള്ളു; നംപൂതിരി സമുദായത്തിലെ സ്ത്രീകഠക്കു വിദ്യാഭ്യാസം ഉണ്ടായിരുന്നാലും അവരുടെ മനസ്ഥിതി അവക്കറിഞ്ഞുകൂടാ എന്നു നടിക്കുന്നതു പുരുഷസഹജമായിട്ടു തോന്നാവുന്ന ഒരു അക്രമബുദ്ധിയുടെ ലക്ഷണമാണെന്നു മാത്രമേ ഞാൻ പറയുന്നൊള്ളു. (ചിരി.) ഇതു അങ്ങാടിയിലോ മറ്റോ ചെന്നു വാങ്ങിക്കാവുന്ന ഒരുകായ്മല്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry; South*): May I know whether this Regulation is intended for these people alone or for the ignorant also?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I will answer the member in English. The normal presumption with reference to any transaction entered into by a major female is that she gave her assent to it. It is only in cases where the girl is a minor that we insist on some guardian agreeing to the marriage, of

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur K. A. Krishna Aiyangar.]

course, with a right of freedom in all those cases for the parties to be married to get out of the marriage bond as soon as they attain majority. But unfortunately this is a satisfactory course only in the case of communities where marriage is a *civil contract*.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I know from the learned Deputy President whether he thinks that there is any necessity for including this new provision in the Bill?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): The real difficulty appears to be that many a girl is not married at the moment when she should be married, because the control of the Illom purse may be in the hands of an unsympathetic karanavan. And in common fairness to such helpless female members of the Illom, it is proposed to give some sort of statutory power to other members of the family interested in the future material and moral well-being of the girl to perform the marriage and make his action binding on the Illom, even though under the law he is not the representative of the Illom. Does my friend seem to think that in the larger interests of the communities celibacy ought to be the ideal for women alone? It is preposterous to put forward any such theory.

MR. MATTHEW MURIKKAN (*Vaikam*): Does the learned Deputy President tell us that the inclusion of this provision will guarantee that the best interests of the Namputiri girls will be ensured?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): There may be exceptions. There may be unfortunate marriages among the Namputiries also as is the case with other communities. Nobody guarantees that the marriage is going to be a blessed union for all time to come till the death of one of the parties. But that is the presumption when two parties agree to a marriage and go through the necessary formalities. It is not merely getting into a Sub-Registrar's Office and putting their signatures. It is a religious sacrament. It is therefore idle to start with the presumption that the girl has not assented to the marriage and to insist on some extraneous form of assent in order that the girl may be protected against her father or against other relations who in the interests of social morality and of the purity of the race wish to see that she is provided with the husband suited to her station in life.

I do not want to get away from the point. All of us have got the right to interfere and express our opinion in a matter of this kind. I do concede that we are not bound to accept every *ipse dixit* that may be put forward by the representatives of a particular community because the legislation is going to affect them alone. But I submit that in a matter of this nature their voice should be given fair and very important consideration before we try to override the unanimous expression of opinion coming from the representatives of that particular community.

LIBRARY ARCHIVES Kerala Legislative Assembly

In that view of the case, Sir, and as a matter of practical expediency and wisdom, to put in the word 'consent' in that Clause will probably act as a deterrent in the case of fathers and others interested in incurring the expenditure that may be necessitated by the marriage. If after all the whole contraversy is to be settled by what the girl or others may swear in a court of law long after the marriage itself, I submit it ought not to be allowed to rest on such a slender foundation.

MR. MATTHEW MURIKKAN (*Vaikam*): Does not the learned Deputy President know that this provision was not included in the original Bill, that it was not considered by the Select Committee and that it is not known to the Namputiri community in Travancore that such a provision is going to be discussed in the Legislative Council?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): Just for the reason that there was some discussion on this amendment, does not the member think that this matter must engage the attention of all members and that it should not be easily slighted away? If for every agreed amendment that might be put forward, the member is of opinion that the Bill should once again be published in the Gazette and if members of those particular communities are not to be allowed the opportunity of representing to the Council what in their judgment will be best fitted for the interests of the community, then I say, I lose all faith in the capacity of this Council to do its legitimate work in matters of legislation.

MR. K. P. NILAKANTA PILLAI (*Chirayinkil*): May I just remind the Deputy President that the representatives of the Namputiri community had no definite offer to put forward to this Council with regard to this Clause yesterday?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): It may be that they take a longer time than we do. It may be that they thought over the matter during the whole of the night and for six hours the next morning. But they now tell us that this is the agreed amendment which they have come to. In cases where we find that they cannot adjust their differences and place an agreed amendment before the Council, it is our duty to help them in all legitimate ways and if we find a real danger by this provision, we may draw their attention to it. If even after that is done they seem to think that they would rather have it in the form in which it is placed before the Council, it is better to have that form.

MR. A. THANU PILLAI. (*Trivandrum*): May I know from the learned Deputy President whether it is his opinion that in cases contemplated by this law the girl's consent should be obtained or should not be obtained?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I am just asking the members of the Council to start with the presumption of consent in the case of a transaction like this. If it is the case of a girl of ten or twelve, of course, my friend's position would be pretty strong. But we are now providing in this Clause only for

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur K. A. Krishna Aiyangar.]

girls who have completed the age of 18 years. This provision, if passed, would be a positive insult to the intelligence of the female members of the whole community.

MR. A. THANU PILLAI (*Trivandrum*) : What I wish to ascertain from the learned Deputy President is whether in his opinion a girl's consent should be obtained or should not be obtained under the conditions mentioned in the Clause ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : Such consent should be presumed as in the case of every other marriage. Consent need not be evidenced by writing. It may be evidenced by conduct also.

MR. A. THANU PILLAI (*Trivandrum*): Nobody said it should be in writing. I only wish to know his opinion whether as a matter of fact it should be obtained or not ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : I want to draw the specific attention of the House to the fact that a girl who has passed the age of 18 has to take a regular part in the sacramental ceremonies which finally terminate in the sacrament of marriage.

MR. MATTHEW MURIKKAN (*Vaikam*) : Does the learned Deputy President tell us that these Namputiri women are to be given away like commodities in marriage ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : Let us start with the presumption that the girls of the Namputiri community are quite as intelligent as their sisters of the Tamilian community, the Roman Catholic community and other communities. Why should we assume that she alone is unable to contract a valid marriage. Have you laid down in the case of Nayar girls or other girls who are married after 18 years of age that their consent should be obtained ? You have passed the Nayar Regulation, the Ezhava Regulation, the Christian Regulation and the Nanjinad Vellala Regulation. Have you made any provision in those Regulations that the validity of the marriage and the special rights flowing thereunder will be consequent upon some mechanical device being prepared in advance signifying assent ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): May I say to the learned Deputy President that the wording in the Nayar Regulation is not the same as here ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) : A certain change is necessary in the wording because in the case of Nayars it is a civil contract, while in the other it is a sacrament irrevocable even after death.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): നായർ റഫ്രഷ്മെന്റും ഈഴവറഫ്രഷ്മെന്റും അനുസരിച്ചു സ്ത്രീകൾക്കു ചിലപ്പോൾ രണ്ടാമതു വിവാഹം കഴിക്കാൻ സാധിക്കുമെന്നറിയാമോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) ഒന്നിലധികം ഭർത്താവു ആവശ്യമാണോ? അതു ഉചിതമാണോ? ഈ കാലത്തെ സ്ഥിതിക്ക് അതു നിയമത്താൽ അനുവദിച്ചു കൊടുക്കേണ്ടതാണോ എന്നുള്ളതും ഫ്രീ വയസ്സായ സ്ത്രീയുടെ വിവാഹത്തിനു സമ്മതം വാങ്ങിക്ക എന്നുള്ളതിനും തമ്മിൽ ഒരു സംബന്ധവുമില്ല. നായന്മാക്കും ഈഴവക്കും റോമൻ കത്തോലിക്കർ ഒഴിച്ചുള്ള ക്രസ്ത്യാനികൾക്കും ഒരു വിവാഹം വേണ്ടെന്നുവയ്ക്കാനുള്ള സൌകര്യം (facility) ഉണ്ട്. Eccleciastical law enforced by the *Pope* does not allow it. In all other cases it is allowed so far as the Christians are concerned.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): റോമൻകത്തോലിക്കർ ഒഴിച്ചുള്ള ക്രസ്ത്യാനികൾക്ക് ഏതെങ്കിലും അവസരത്തിൽ വിവാഹം ഒഴിയാൻ അനുവദിക്കുന്ന നിയമമുണ്ടോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അങ്ങിനെ ഉണ്ടെന്നാണ് എന്റെ അഭിപ്രായം. തെറ്റാണെങ്കിൽ തിരുത്തിത്തന്നാൽ ഞാൻ വളരെ നന്ദിയുള്ളവനായിരിക്കും.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): അങ്ങിനെനിയമമില്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അതു ഞാൻ സ്വീകരിച്ചു കൊള്ളാം. ഈ സംഗതി എന്റെ വാദത്തിനു കൂടുതൽ അനുകൂലമായിട്ടാണ് ഇരിക്കുന്നതു്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Is the learned Deputy President aware that the provision was not included in the original Bill, that the Select Committee considered it and that probably because they did not want it, they did not include it?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): And so now they have agreed.

MR. A. THANU PILLAI (*Trivandrum*): Who have agreed?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*); The representatives of the two factions of the community.

MR. A. THANU PILLAI (*Trivandrum*): Is it the learned Deputy President's suggestion that the other members of the Council have no responsibility in the matter?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): It is quite unfortunate that I have not been correctly understood. I do not at all say that we have no right to save them. Even in the case of a man attempting to commit suicide every one of us has he right to save him. In the same way we have certainly that right

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur K. A. Krishna Aiyangar.]

to save the members of the Namputiri community also from what we consider as lack of advancement or progress. My point is that we should not ignore the fact that there seems to have been serious controversy among the members of the community after which they seem to have come to an agreement in the matter. In that view of the case let us not seriously enforce our views upon them. I should not be understood as suggesting that the other view of the question is unsound. The members of the community seem to be very strong in that particular point because no serious difficulty is likely to arise if they are allowed to have their course. Why not we allow it now, and wait for sometime to see whether it is absolutely necessary for the legislature to interfere in the interest of the ignorant and the illiterate members of the community.

MR. REVATI NAL RAMA VARMA RAJA (*Edavagai*): "Shall have the right to get her married."
എന്നു പറയുന്നുണ്ട്. അപ്പോൾ അതു ശരിയായ ഒരു വിവാഹമാകുമോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): ഹിന്ദു ലാ പ്രകാരം അങ്ങിനെയാണ്.

MR. REVATI NAL RAMAVARMA RAJA (*Edavagai*): അപ്പോൾ സമ്മതം ഇല്ലെങ്കിലും വിവാഹം നടത്താമോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): നിർബന്ധിക്കാൻ പാടില്ല. കയ്യിൽ റിവാൾവറും വച്ചുകൊണ്ട് പെണ്ണെ നീ സമ്മതിച്ചില്ലെങ്കിൽ ഇപ്പോൾ വെടി വച്ചേയ്ക്കും എന്നു ഭയപ്പെടുത്തി നിർബന്ധിച്ചു ഒരു വിവാഹം നടത്തുകയാണെങ്കിൽ അതു സാധാരണ ലാ അനുസരിച്ചായാലും മാനവ ധർമ്മശാസ്ത്രപ്രകാരമായാലും ഒരു വിവാഹമായിട്ടു വിചാരിക്കാൻ പാടില്ല.

MR. REVATI NAL RAMA VARMA RAJA (*Edavagai*): ഈ ബിൽഅനുസരിച്ചു പതിനായിരം രൂപാ വരെ വിവാഹത്തിനു കുടുംബത്തിൽനിന്നും കൊടുക്കേണ്ടതാണെന്നു പറഞ്ഞിട്ടില്ലേ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അതു അതാതു കുടുംബത്തിലെ സ്ഥിതി അനുസരിച്ചിരിക്കും. ചില കുടുംബത്തിലെ വിവാഹത്തിനു ൨൦,൦൦൦ രൂപാ ചിലവായി എന്നു വരാം. വേറെ ഒരു കുടുംബത്തിൽ ൫ രൂപായെ ചിലവാകയൊള്ളൂ എന്നും വരാം.

MR. REVATI NAL RAMAVARMA RAJA (*Edavagai*): അങ്ങിനെ വരുമ്പോൾ ഒരു സ്ത്രീയെ നിർബന്ധിച്ചു വിവാഹം ചെയ്യിക്കാൻ ഇടയില്ലേ. അതു സ്ഥിതിക്കു ഇങ്ങിനെ ഒരു ഭാഗംകൂടി ബില്ലിൽ ചേർക്കേണ്ടതില്ലേ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അതിലേക്കു പൊതുവെ ഒരു നിയമമുണ്ട്. നംപൂതിരി സമുദായത്തി

LIBRARY ARCHIVES Kerala Legislative Assembly

ലെ പ്രതിനിധികഠംക്കു സമ്മതമുണ്ടെങ്കിൽ എനിക്കതിൽ യാതൊരാ ക്ഷേപവുമില്ല. ഈ സംഗതിയിൽ എന്തെങ്കിലും പറയണമെന്നുള്ള വിചാരത്തിൽ വന്നവനല്ല ഞാൻ. ഈ ചെറിയ കാര്യത്തിൽ അവർ വളരെ ബുദ്ധിമുട്ടുന്ന എന്നു അവരുടെ മുഖം കണ്ടിട്ടു തോന്നിയതിനാൽ ഞാൻ ഇത്രയും പറഞ്ഞതാണു്. നമ്പൂതിരിബിൽ അത്യാവശ്യമായിട്ടാണു് വരുന്നതു്. അവരെ നിർബന്ധിച്ചു നിങ്ങഠം നന്നായിരിക്കണം എന്നു നമുക്കു പറയാം. അതു സ്വീകരിക്കുന്നതിനു അവർ നല്ല മനസ്സുള്ളവരായിട്ടു കാണുന്നില്ല.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvungad*): ഏതായാലും വേർപെടുത്താൻ പാടില്ലാത്ത വിവാഹമാണെന്നു സംശയമില്ലാത്ത സ്ഥിതിക്കു ജുഡീഷ്യലായിട്ടു ഒരു സേഫ് ഗാർഡു് കൂടി ഇരിക്കുന്നതുകൊണ്ടു് എന്താണു് ദോഷം?

RAO BAHADUR K. A KRISHNA AIYANGAR (*Nominated, Deputy President*): അതു എന്തിനാണു്. അന്തർജ്ജനങ്ങഠംക്കു അതു വിവരമില്ല എന്നു പറയണ്ടാ. അവർ ടെയിനിലും മറ്റും കയറിവരുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. എന്റെ യുവസ്നേഹിതൻ മിസ്റ്റർ കേശവൻ നമ്പൂതിരിപ്പാട്ടുതന്നെ ഇൻറർമാരിയേജും മറ്റും ആകാമെന്നു പ്രസംഗിച്ചതായിട്ടും ഞാൻ കേട്ടിട്ടുണ്ടു്. ഇതിൽ നിന്നൊക്കെ അവർ പരിഷ്കാരലോകത്തിൽ എത്തീട്ടുണ്ടെന്നു തെളിയുന്നുണ്ടു്.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvungad*): നമ്പൂതിരിസ്ത്രീകളുടെ പ്രതിനിധികഠം ഇവിടെയില്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അവരെ സംബന്ധിച്ചിടത്തോളം നമ്മളാണു് പ്രതിനിധികഠം. മാനവശാസ്ത്രമനുസരിച്ചും പുരുഷന്മാർ തന്നെയാണു് അവരുടെ പ്രതിനിധികഠം.

MR. L. R. RAJA RAJA VARMA KOIL TAMPURAN (*Changanachery* cum *Peermade*): അപ്രകാരം അവർ പരിഷ്കൃതമായ ഒരു നിലയിൽ എത്തിയിട്ടുണ്ടെങ്കിൽ "she shall" എന്നുകൂടി ചേർക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*) ഹിന്ദുലാ പ്രകാരം വിവാഹം എന്നു വച്ചാൽ കന്യകാദാനം കൊടുക്കുക എന്നാണു് അർത്ഥം. വരനെ മഹാവിഷ്ണുവായിട്ടു സങ്കല്പിച്ചു അയാളുടെ പാദം കഴുകി സകലവിധമായ ആഭരണത്തോടുകൂടി സ്ത്രീയെ ദാനംകൊടുക്ക എന്നുള്ളതാണു് വിവാഹം. ആ സ്ഥിതിക്കു തന്നത്താനെ ദാനംകൊടുക്ക എന്നുള്ളതു കണ്ടിട്ടില്ല. അതിനാൽ അവരുടെ ക്രിയ അന്യ

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur K. A. Krishna Aiyangar.]

സ്വീകരിച്ച് അതിനനുരൂപമായ ഒരു വകുപ്പു ഇതിൽ ഉൾപ്പെടുത്തി എന്നേയൊള്ളൂ. "To give her in marriage" എന്നുചേർത്തിരിക്കുന്നതുകൊണ്ടു സ്ത്രീയുടെ സമ്മതമില്ലെങ്കിലും നിർബന്ധിച്ചു നടത്തികൊടുക്കണമെന്നു പറയുന്നുണ്ട്. അതു ഒരു നിയമവും അനുവദിക്കുന്നതല്ല.

അതിനാൽ അവർ യോജിച്ചു കൊണ്ടുവന്ന ഭേദഗതി തന്നെ സ്വീകരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അവരുടെ അഭിപ്രായത്തെ തന്നെ പിൻതാങ്ങിക്കൊള്ളുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sir, I beg to oppose the amendment. With reference to the discussion which took place in this House regarding this Clause, I must humbly submit that the representatives of the the community have digested a paradox, if I may call it like that, because yesterday they were telling us on different sides that the Clause both advances and retards the progress of the community and to a question which I put to the learned Deputy President as to the necessity for including this Clause he answered that there may be some unsympathetic karanavans who may be unwilling to give the girl in marriage and that to make up for such cases the Clause was included. With reference to the wording of the Clause I submit that that purpose would not be served by the Clause because it says:"Where a karanavan neglects to give a girl of the Illom in marriage even after her having completed the sixteenth year of age, any other member of the Illom shall have the right to get her married". The provision in the Bill now under discussion only says that in the absence of the karnavan .....

PRESIDENT: Only in the absence of the father, not karanavan. Father and karanavan are not the same.

MR. K. P. NILAKANTA PILLAI (*Chirayinkil*): Sometimes the father may be the karanavan.

PRESIDENT: The idea seems to be that it should really cover cases where the karanavan is not the father.

MR. K. P. NILAKANTA PILLAI (*Chirayinkil*): But the difficulty is it may appply to cases where the karanavan happens to be the father also. The Namputiries are makkathayees. Therefore, in the majority of cases the karanavan will be the father also.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): Not necessarily.

MR. K. P. NILAKANTA PILLAI (*Chirayinkil*): Therefore, as I submitted, the provision now under consideration allows some other member to give the girl in marriage only in the absence of the father or the karanavan. The purpose as it is explained by the representatives of the community would not be served by the provision now under consideration. They want, as the Deputy President explained, a provision for cases where the karanavan is unsympathetic whereas the present provision provides for a case in the absence of the father or the karanavan. That is my point.

LIBRARY ARCHIVES Kerala Legislative Assembly

Yesterday it was said that Namputiri girls are being given in marriage to very old men without ascertaining their wishes. It was in order to avoid such calamities that the Clause was included; and the representatives of the community themselves supported the Clause. Now they say that consent of the girl is immaterial since *consent* so far as the Namputiri girls are concerned is meaningless and that therefore, the introduction of the provision for the consent of the girl would not materially affect the condition of the girls in the community. Therefore, what I would submit is that the opinion of the representatives of the community cannot be taken to be final as matters stand now. The House has to discuss the question on its merits and quite independently of the opinion of the representatives of the community in the matter because they hold such divergent opinions.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): Does the member know that it was after consulting the prominent members of the community that the present provision has been framed?

MR. K. P. NILAKANTA PILLAI (*Chirayinkil*): I do not know all that has taken place in the last twelve hours. My friend simply says that the community does not want any provision with regard to the consent of the girl and therefore it is to be eliminated. How the member was able to get the consolidated opinion of all the prominent members of the community of Travancore in the course of a single night, I am at a loss to understand. I am not prepared to give weight to the opinion of my friend in the matter.

On the other hand we have taken into consideration what took place in the Select Committee. The Select Committee deliberately avoided the chapter on marriage and they did not want to avail of the discussion in this House. At the time when the original Bill was being considered by this House, I vehimently stated that the Bill was inperfect on account of the exclusion of the chapter on marriage. The case was pressed before the Select Committee also. They considered the question and finding that there was difference of opinion with regard to this Clause they also avoided it. Now by an indirect method, as it were, the Clause is sought to be introduced by a member of the community.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): പത്തുവയസ്സായ ഒരു കന്യകയുടെ വിവാഹസമയത്തു ആ കന്യകയുടെ സമ്മതം വാങ്ങിക്കുന്നതു് എങ്ങിനെയാണു്?

MR. K. P. NILAKANTA PILLAI (*Chirayinkil*): Then you could have avoided the whole Clause. That is my position. If it is the opinion of the member that there is no possibility of obtaining the consent of a girl of 10 then there is no provision for that in the Clause now under consideration. At the same time I would ask my friend why the provision has been suggested "only if the girl should have reached the eighteenth year of age she could be given in marriage by some other member of the Illom other than the karnavan," if there is no necessity for bringing any new Clause that is to be supported by arguments cogent.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മി: താണുപിള്ളയുടെ ഭേദഗതി സ്ത്രീയുടെ സമ്മതം കൂടി ഉണ്ടായിരിക്കണമെന്നാണ്.

MR. K. P. NILAKANTA PILLAI (*Chirayinkil*): If this Clause is included that is necessary.

MR. A. S DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതിനെപ്പറ്റി മെമ്പറുടെ അഭിപ്രായം എന്താണ്?

MR. K. P. NILAKANTA PILLAI (*Chirayinkil*): I oppose that Clause. What I beg to submit is that when they admit that the provision "with her consent" is not going to affect them at all, that it is immaterial, as far as the Namputiri community is concerned, then what objection is there in having the expression "with her consent"? That is not going to affect you at all.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): സ്ത്രീയുടെ സമ്മതംകൂടാതെ വിവാഹം നടത്താൻ സാധിക്കുമോ?

MR. K. P. NILAKANTA PILLAI (*Chirayinkil*): It is quite possible.

MR A S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): How?

MR. K. P. NILAKANTA PILLAI (*Chirayinkil*): No analogy can be drawn between the advancement of the Nayar community and the Ezhava community on the one hand and that of the Namputiri community on the other. Therefore, no provision with reference to marriage embodied in the Ezhava or Nayar Regulations can be made use of so far as the Namputiri marriages are concerned.

MR. A. G. MENON (*Parur*): Does my friend know that the Namputiri ladies are in some respect more advanced than the ladies of the Nayar or other communities?

MR. K. P. NILAKANTA PILLAI (*Chirayinkil*): The wonderful member was saying yesterday that he personally knew of Namputiri marriages being conducted with the bridegrooms who were on their death-bed. I am not prepared to place any weight on the opinion of such members who have such contradictory opinion on the same matter.

PRESIDENT: Mr. Nilakanta Pillai, will you kindly withdraw the expression "wonderful" that you used with reference to a member of this House?

MR. K. P. NILAKANTA PILLAI (*Chirayinkil*): I did not mean any offence, Sir. I withdraw the expression. It was only a transferred epithet. It does not refer to the member. It referes to the wonderful story he gave.

PRESIDENT: Let us avoid epithets transferred or otherwise.

MR. K. P. NILAKANTA PILLAI (*Chirayinkil*): The expression refers not to the member but to his opinion.

MR. K. MADHAVAN PILLAI (*Trivandrum* cum *Neduvangad*): May I take it that Mr. Nilakanta Pillai's position is this, namely, that this Council is now being called upon to invest certain people with certain powers which they do not possess now and that in doing so, we, the members of the House are not prepared to extend the elements of natural justice?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI (*Chirayinkil*): Yes.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Would the elements of natural justice be extended if the words "with her consent" are inserted ?

MR. K. P. NILAKANTA PILLAI (*Chirayinkil*): Certainly. Now under common law the power to give girls in marriage rests with a particular individual. The provision now under consideration seeks to take it away from him and give it to some other individual who does not possess it now.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Does the member say that the absence of the words "with her consent" would not take away the rights from the individaul who now has it ?

MR. K. P. NILAKANTA PILLAI (*Chirayinkil*): I do not say so.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Will there be any undue influence ?

MR. K. P. NILAKANTA PILLAI (*Chirayinkil*): According to the opinion of the Deputy President nothing illegal or unnatural would take place, that is to say, no coercion or undue influence would be brought to bear upon the girl.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I never said that. I only stated that we would not be justified in presuming that the Namputiri girls are so illiterate and so backward.

MR. K. P. NILAKANTA PILLAI (*Chirayinkil*): Then why not presume also that there may be cases of such undue influence. If the opinion is that the community has not far advanced socially and if there is also the fear among the members of the community that it is common to give young girls in mariage to old men, surely, there is some doubt thrown on the matter as to whether there are no cases in the community of coercion of a mild sort or undue influence being exercised on the girls in regard to their marriages. That also seems to be quite possible. Therefore, what I submit is that once you are prepared to go to the extent of making a definite provision to the effect that after the completion of the age of eighteen a girl in the community could be given in marriage by any member of the Illom, why not put in the words "with her consent" also particularly when you say that the words are not going to affect at all materially ?

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): Is it not possible that consent also could be obtained by coercion ?

MR. K. P. NILAKANTA PILLAI (*Chirayinkil*): Certainly; otherwise there would not have been any necessity for cases on the matter in civil courts. My point is also that if the expression "with her consent" is introduced in the provision the girl concerned would be in a position to move the proper authority and to state that she did not actually give her consent.

LIBRARY ARCHIVES Kerala Legislative Assembly

MR. A. G. MENON (*Parur*): Does my friend understand by the amendment now under consideration that it gives the right to certain members of the Illom to give any girl in marriage absolutely without her consent as he chooses?

MR. K. P. NILAKANTA PILLAI (*Chirayinkil*): My friend is putting this question from his own view point. I may view it from my own view point.

MR. A. G. MENON (*Parur*): What I want to know is this. Does he mean to say that by accepting this amendment the right is given to a member of the Illom to give a girl in marriage as he chooses, as he would dispose of cattle for instance?

MR. K. P. NILAKANTA PILLAI (*Chirayinkil*): Yes. The learned member must understand the significance of this Clause. Marriage might have been a sacrament up to the present moment. I expect the member to visualize cases in which different members may hold different opinion on the matter. Particularly it is so, because in the case of rich Illoms when the man who marries a girl from such Illom is likely to get a decent amount as *stridhanam* all sorts of influences are likely to be brought to bear on the girl by the other members of the Illom. Even the members of the Illom itself might be interested in giving the girl to men of their own choice against the will of the karanavan. In this manner all complications are likely to arise.

MR. A. G. MENON (*Parur*): So, you are against the whole amendment?

MR. K. P. NILAKANTA PILLAI (*Chirayinkil*): That is what you have understood from my speech.

PRESIDENT: Members will please address the Chair and not each other.

MR. K. P. NILAKANTA PILLAI (*Chirayinkil*): That is all what I have to submit with reference to this Clause.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): I move that the question be put.

PRESIDENT: I do not wish to cut short the discussion upon this important point. But I would say just a word or two to clear the position which has been to some extent obscured by discussion relating to various analogous points not quite relevant to the point at issue. The Namputiri community has now no statutary law of marriage, no statutary authority for any body except the karanavan to give a girl in marriage. As a consequence of that it was stated—and I believe that statement was accepted to be more or less correct by the whole House,—that cases occur in Namputiri families where girls remain unmarried to a great age, and the House thought that it would be desirable to have some provision either to prevent that contingency or to reduce as far as possible instances like that occuring. And it was with that view that the particular Clause was sought to be added to the Bill by Mr. Jathavedan Namputiripad. And the House agreed as it were to consider that Clause. What we have to see is not whether that Clause if introduced would make the position quite perfect and absolutely without any defect, but whether it would serve the purpose which Mr. Jathavedan Namputiripad

LIBRARY ARCHIVES Kerala Legislative Assembly

